**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3167** **01-03-2023 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ പൈതൃക പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ മണ്ഡലത്തിൽ ടൂറിസം വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും ഇവയ്ക്കായി ചെലവാക്കുന്ന തുക സംബന്ധിച്ചുമുള്ള വിശദാംശം ലഭ്യമാക്കാമോ; | (എ) | ആലപ്പുഴ മണ്ഡലത്തിൽ ടൂറിസം വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ താഴെ പറയുന്നു.<br><br>Chungam (Chakrepurakkal) - Kayalchira Pathway Development and Boat landing by the side of Pamba River, Alappuzha – AS Amount : Rs. 3,55,18,893 /-<br><br>Renovation of Punnamada parking area and premises, Alappuzha- AS Amount : Rs. 97,00,000/-<br><br>Providing Lift in Govt. Guest House, Alappuzha- AS Amount : Rs. 63,80,000/-<br><br>കൂടാതെ ആലപ്പുഴ ഹെറിറ്റേജ് പദ്ധതിയുടെ ഭാഗമായി 29.15 കോടി രൂപയുടെ താഴെ പറയുന്ന പദ്ധതികൾ ആലപ്പുഴ മണ്ഡലത്തിൽ ടൂറിസം വകുപ്പ് നടപ്പാക്കി വരുന്നു. |

| No. | പദ്ധതികൾ |
|---|---|
| 1 | ന്യൂമോഡൽ കയർ ഹിസ്റ്ററി മ്യൂസിയം (ലിവിംഗ് കയർ ഫാക്ടറി) – 9,95,94,000/- രൂപ |
| 2 | മ്യൂസിയം ഓഫ് കയർ ഹിസ്റ്ററി – 9,68,31,000/- രൂപ |
| 3 | കയർഫെഡ് ( യാൺ മ്യൂസിയം) -5,42,75,000/- രൂപ |
| 4 | ഷെഡ് ബി , കാന്റീൻ ബ്ലോക്ക് – 3,29,87,000/- രൂപ |
| 5 | സൈനേജുകൾ - 78,21,000/- രൂപ |

| | | | |
|---|---|---|---|
| (ബി) | ആലപ്പുഴ പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തി ഏതൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കുന്നതെന്നും ഇവയിൽ പൂർത്തികരിച്ചതും നടപ്പിലാക്കിവരുന്നതുമായ പദ്ധതികളുടെ വിവരവും തരം തിരിച്ച് ലഭ്യമാക്കാമോ; | (ബി) | ആലപ്പുഴ പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം താഴെ പറയുന്നു.<br><br>**<u>പൂർത്തീകരിച്ച പദ്ധതികൾ</u>**<br><br>1.സൗക്കാർ മസ്ജിദ് -ഭരണാനുമതി തുക - 87,57,327/- രൂപ<br><br>2.മക്കാം മസ്ജിദ് -ഭരണാനുമതി തുക - 1,28,70,978. 60 രൂപ<br><br>3.ലിയോ തേർട്ടീന്ത് സ്കൂൾ -ഭരണാനുമതി തുക - 2,31,50,363 /- രൂപ<br><br>**<u>നടപ്പിലാക്കി വരുന്ന പദ്ധതികൾ</u>**<br><br>1. യാൺ മ്യൂസിയം . (കയർഫെഡ് ബിൽഡിംഗ് )<br><br>2.മ്യൂസിയം ഓഫ് കയർ ഹിസ്റ്ററി , (കയർ കോർപ്പറേഷൻ ബിൽഡിംഗ് )<br><br>3. ലിവിംഗ് കയർ മ്യൂസിയം/ ലേബർ മൂവ്മെന്റ് മ്യൂസിയം ( ന്യൂമോഡൽ കയർ സൊസൈറ്റി ബിൽഡിംഗ് )<br><br>4. പോർട്ട് മ്യൂസിയം ( പോർട്ട് ബിൽഡിംഗ് )<br><br>5.ആലപ്പുഴ കടൽപ്പാലം<br><br>6.കനാൽ സൈഡ് നവീകരണം<br><br>7.പോർട്ട് മ്യൂസിയത്തിലെ മിയാവാക്കി ഫോറസ്റ്റ് |
| (സി) | പൈതൃക പദ്ധതി പ്രകാരം സംരക്ഷിക്കുന്ന മ്യൂസിയങ്ങൾ, പൊതു ഇടങ്ങൾ, സ്മാരകങ്ങൾ എന്നിവ ഏതൊക്കെയെന്നും അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരവും ലഭ്യമാക്കുമോ? | (സി) | **<u>യാൺ മ്യൂസിയം</u>**<br><br>കേരളത്തിലെ പ്രധാനപ്പെട്ട ജൈവ നൂൽ ഉത്പാദനം, കയർ സൊസൈറ്റികളുടെ വിശദാംശങ്ങൾ, കയറിന്റെ ചരിത്രവും കയർ സംബന്ധിയായുള്ള സാഹിത്യകൃതികൾ എന്നിവയും വിശദീകരിക്കുന്ന ഗ്യാലറിയും ആക്ടിവിറ്റി സെന്ററും ഉൾക്കൊള്ളുന്ന കയർഫെഡ് കെട്ടിടത്തിൽ പ്രവൃത്തികൾ പുരോഗമിക്കുന്ന യാൺ മ്യൂസിയത്തിന്റെ 90% വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>**<u>മ്യൂസിയം ഓഫ് കയർ ഹിസ്റ്ററി</u>**<br><br>ആലപ്പുഴയിലെയും ലോകമെമ്പാടുമുള്ള കയർ വ്യവസായത്തിന്റെ വികാസ പരിണാമ ചരിത്രത്തെ പ്രതിനിധാനം ചെയ്യുന്ന മ്യൂസിയം കയർ കോർപ്പറേഷൻ ബിൽഡിംഗിലാണ് പ്രവൃത്തികൾ പുരോഗമിക്കുന്നത് 75% വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. |

**<u>ലിവിംഗ് കയർ മ്യൂസിയം / മ്യൂസിയം ഓഫ് ലേബർ മൂവ്മെന്റ്</u>**

ബോംബെ കമ്പനി മുമ്പ് പ്രവർത്തിച്ചിരുന്ന ന്യൂമോഡൽ കോ - ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് കെട്ടിട സമുച്ചയത്തെ നവീകരിച്ച് ലിവിംഗ് കയർ മ്യൂസിയവും അതോടൊപ്പം ലേബർ മൂവ്മെന്റ് മ്യൂസിയവും സജ്ജമാവുകയാണ്. ട്രേഡ് യൂണിയനുകളുടെ രൂപീകരണവും ആവിർഭാവവും വളർച്ചയും, പുന്നപ്ര വയലാർ സമരം തുടങ്ങിയവ ഉൾക്കൊള്ളുന്നതാണ് വിവിധ ഗ്യാലറികൾ, ആർക്കൈവൽ രേഖകൾ കണ്ടെത്തി അന്താരാഷ്ട്ര നിലവാരത്തിൽ സംരക്ഷണം നൽകി മ്യൂസിയത്തെ കയർ ചരിത്രത്തെ സംബന്ധിച്ച ഗവേഷണ കേന്ദ്രമാക്കി മാറ്റുന്നു . മ്യൂസിയത്തിന്റെ ഭാഗമായുള്ള കെട്ടിടങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ 90% പൂർത്തീകരിച്ചു.

**<u>പോർട്ട് മ്യൂസിയം</u>**

ആലപ്പുഴ പഴയ പോർട്ട് ഓഫീസ് സമുച്ചയത്തിലും അതിനോടനുബന്ധിച്ച് കിടക്കുന്ന 10 ഏക്കർ വരുന്ന ഭൂമിയിലുമായി പോർട്ട് മ്യൂസിയം പ്രവർത്തനം സജ്ജമാവുകയാണ്. ആലപ്പുഴ തുറമുഖത്തിന്റെ പശ്ചാത്തലവും ഉദയവും, പട്ടണത്തിന്റെ വളർച്ച, കേരളത്തിലെ നാൽപ്പതോളം വരുന്ന പുരാതന തുറമുഖ നഗരങ്ങളുടെ വിവരണവും, തുറമുഖ തൊഴിലാളികളും, ട്രേഡ് യൂണിയൻ, ആലപ്പുഴയിലെ വ്യാപാരി സമൂഹം, പരമ്പരാഗത ജലഗതാഗത സംവിധാനം, തീരദേശ മൽസ്യ ബന്ധനം എന്നിവ ഉൾപ്പെടുന്നതാണ് ഗ്യാലറികൾ. മ്യൂസിയത്തിന്റെ ഭാഗമായുള്ള കെട്ടിടങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട് .

**<u>പൊതുഇടം, കനാൽ സൈഡ് നവീകരണം</u>**

ആലപ്പുഴയുടെ കനാലുകൾ ചരിത്ര പ്രസിദ്ധമാണ്. തുറമുഖത്തിലേക്ക് മലഞ്ചരക്കുകൾ വന്നുപോകുന്ന സജീവ വിപണികൾ, കനാലുകൾ, പണ്ടകശാലകൾ തുടങ്ങിയവ നിർമ്മിച്ച് ആലപ്പുഴയെ ഒരു ലോകോത്തര വ്യാപാര കേന്ദ്രമാക്കി രാജാകേശവദാസ് മാറ്റിയിരുന്നു. ഇത്രയേറെ ചരിത്ര പ്രാധാന്യം അർഹിക്കുന്ന കനാലുകളുടെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനായി നടപ്പാതകൾ, ബോട്ട് ജെട്ടികൾ, സ്ട്രീറ്റ് ലൈറ്റുകൾ, തണൽ മരങ്ങൾ വെച്ച് പിടിപ്പിക്കുന്ന പദ്ധതിക്ക് സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച വരുന്നു.

**<u>സ്ട്രീറ്റ് എലവേഷൻ ഡെവലപ്പ്മെന്റ്</u>**

ആലപ്പുഴ പട്ടണത്തിന്റെ ഗതകാല പ്രൗഢി വീണ്ടെടുക്കുന്നതിന് സ്ട്രീറ്റ് എലവേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് . പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

**<u>ആലപ്പുഴ ബീച്ചിൽ സ്ഥാപിച്ചിരുന്ന ഡി-കമ്മീഷൻ ചെയ്ത നേവിയുടെ പടക്കപ്പൽ</u>**

21 ലക്ഷം രൂപയുടെ ഇലക്ട്രിക്കൽ & പെയിന്റിംഗ് ലാൻഡ് സ്കേപ്പ് വർക്കിന് അനുമതി ആയിട്ടുണ്ട്.

**<u>സൈനേജ് ഡെവലപ്പ്മെന്റ്</u>**

ആലപ്പുഴയുടെ പൈതൃക പദ്ധതിയിലെ പ്രദേശങ്ങളും അവയുടെ പ്രാധാന്യവും ലൊക്കേഷനും വിവരിക്കുന്ന ബോർഡുകൾ സ്ഥാപിക്കുക എന്നതാണ് പദ്ധതി .പ്രവർത്തനം ആരംഭിച്ചിട്ടില്ല .

**<u>സ്മാരകങ്ങൾ</u>**

1.മക്കാം മസ്ജിദ് (പണി പൂർത്തീകരിച്ചു )

2.സൗക്കാർ മസ്ജിദ് ( പണി പൂർത്തീകരിച്ചു )

3.ലിയോ സ്കൂൾ ( പണി പൂർത്തീകരിച്ചു )

**<u>കടൽപ്പാലം</u>**

ആലപ്പുഴ ബീച്ചിൽ സ്ഥിതി ചെയ്യുന്ന 150 വർഷം പഴക്കമുള്ള കാസ്റ്റ് അയണിലും തടിയിലുമായി നിർമ്മിച്ച കടൽപ്പാലം തുറമുഖ ചരിത്രത്തിന്റെ അവസാന അടയാളമാണ്. പൈതൃക പദ്ധതിയുടെ ഭാഗമായി 1826 -ൽ നിർമ്മിച്ച പാലത്തിന് സമീപത്തായി മറ്റൊരു കടൽപ്പാലം നിർമ്മിക്കുകയും ഇതിലൂടെ പട്ടണ ചരിത്രത്തിലേക്ക് തിരികെ നടക്കുവാനുള്ള വഴിയുമാണ്. പദ്ധതിയുടെ ഭാഗമായി പുതിയ കടൽപാലത്തിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു

സെക്ഷൻ ഓഫീസർ